**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2653** **06-10-2025 - ൽ മറുപടിയ്ക്ക്**

**കൊച്ചി - ബംഗളൂരു വ്യാവസായിക ഇടനാഴിയുടെ പ്രവർത്തനം സംബന്ധിച്ച പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കൊച്ചി - ബംഗളൂരു വ്യാവസായിക ഇടനാഴിയുടെ പ്രവർത്തനം സംബന്ധിച്ച നടപടികളിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത പദ്ധതി എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ; | (എ) | ഉണ്ട്. ചെന്നൈ-ബംഗളൂരു ഇൻഡസ്ട്രിയൽ കോറിഡോർ (കെബിഐസി) ചെന്നൈ-ബംഗളൂരിന്റെ വിപുലീകരണമായ ഇന്ത്യാ ഗവൺമെന്റ് അംഗീകരിച്ച വ്യവസായ ഇടനാഴി പദ്ധതിയുടെ ഭാഗമായി രണ്ട് നോഡുകളായി വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.<br><br>**നോഡ് 1-**<br><br>ഇന്റഗ്രേറ്റഡ് മാനുഫാക്ചറിംഗ് ക്ലസ്റ്ററുകൾ (ഐഎംസി) പാലക്കാട്.<br><br>**നോഡ് 2 -**<br><br>ഗ്ലോബൽ ഇൻഡസ്ട്രിയൽ ഫിനാൻസ് ആൻഡ് ട്രേഡ് സിറ്റി (ഗ്ലോബൽ സിറ്റി) കൊച്ചി.<br><br>പുതുശ്ശേരി സെൻട്രൽ, പുതുശ്ശേരി പടിഞ്ഞാറ്, കണ്ണമ്പ്ര എന്നിവിടങ്ങളിലെ സ്ഥലങ്ങൾ ഉൾക്കൊള്ളുന്ന പാലക്കാട് സംയോജിത ഉൽപ്പാദന ക്ലസ്റ്ററിന് **3805** കോടി രൂപ ചെലവ് വരുന്ന പദ്ധതിക്ക് കേന്ദ്ര സർക്കാർ **2024** ഓഗസ്റ്റ് **28** ന് അംഗീകാരം നൽകി. പുതുശ്ശേരി സെൻട്രൽ (1137 ഏക്കർ), പുതുശ്ശേരി വെസ്റ്റ് (240 ഏക്കർ), കണ്ണമ്പ്ര (313 ഏക്കർ) പാലക്കാട് നോഡ് കെബിഐസിയുടെ കീഴിലുള്ള മൂന്ന് സ്ഥലങ്ങളായി വിഭജിച്ചിരിക്കുന്നു. ഐഎംസി കണ്ണമ്പ്രയ്ക്കും **2025** ജനുവരിയിൽ പാരിസ്ഥിതിക അനുമതി ലഭിച്ചു. ഈ പദ്ധതിക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കലും ഡി.പി.ആർ റിപ്പോർട്ടും പൂർത്തിയായി. 110 ഏക്കർ ഭൂമിയുടെ ആദ്യഘട്ടം കിൻഫ്ര എസ്പിവിക്ക് കൈമാറി. NICDC 104.50 കോടിയുടെ തുല്യ ഇകിറ്റി എസ്പിവിക്കും കൈമാറി. പുതിയ വ്യാവസായിക സ്മാർട്ട് സിറ്റി |

| | | | |
|---|---|---|---|
| | | | ഡെവലപ്പ്മെന്റിനായുള്ള പ്രോഗ്രാം മാനേജ്മെന്റ് കൺസൾട്ടൻസിയെ തിരഞ്ഞെടുത്തു. കൂടാതെ, 2025 മെയ് മാസത്തിൽ ഇന്റഗ്രേറ്റഡ് മാനുഫാക്ചറിംഗ് ക്ലസ്റ്ററുകൾ ഡെവലപ്പ്മെന്റിനായി ഇ.പി.സി ടെൻഡർ വിളിക്കുകയും, ജി.എസ്.ടി ഉൾപ്പടെ 1316 കോടി രൂപയുടെ ഇ.പി.സി കരാർ നല്കുകയും ചെയ്തു. ഈ കരാർ 42 മാസം കൊണ്ട് പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) | പദ്ധതിയുമായി ബന്ധപ്പെട്ട് അടിസ്ഥാനസൗകര്യ വികസനത്തിനുള്ള എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; വിശദമാക്കാമോ; | (ബി) | **ലാൻഡ് ആൻഡ് പ്രൊജക്ട് സ്റ്റാറ്റസ്**<br><br>പദ്ധതിക്കാവശ്യമായ 1710 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനായി ആകെ 1844 കോടി രൂപയാണ് ചെലവ് കണക്കാക്കിയിരിക്കുന്നത്. ഇതിൽ 1489 കോടി രൂപ കേരള സർക്കാർ ചിലവിട്ടു കഴിഞ്ഞു. ഇതുവരെ പുതുശ്ശേരി സെൻട്രലിലും കണ്ണമ്പ്രയിലുമായി ഏകദേശം 1350 ഏക്കർ ഭൂമി ഏറ്റെടുത്തു കഴിഞ്ഞു.<br><br>താഴെ പറയുന്ന അടിസ്ഥാന സൗകര്യ (ട്രങ്ക് ഇൻഫ്രാസ്ട്രക്ചർ) വികസനത്തിന് ആയി 1789.92 കോടി രൂപയുടെ കേന്ദ്ര സർക്കാർ വിഹിതം ആണ് പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നത്.<br><br>● റോഡുകൾ,<br><br>● ജലവിതരണം,<br><br>● സീവേജ്, മലിനജല പുനരുപയോഗ ശൃംഖല,<br><br>● ജല ശുദ്ധീകരണ പ്ലാന്റ്,<br><br>● സീവേജ് സംസ്കരണ പ്ലാന്റ്,<br><br>● മലിനജല സംസ്കരണ പ്ലാന്റ്,<br><br>● പവർ സപ്ലൈ സിസ്റ്റം,<br><br>● ഖരമാലിന്യ സംസ്കരണം,<br><br>● ലാൻഡ്സ്കേപ്പ് വർക്കുകൾ,<br><br>● ഇൻഫർമേഷൻ ആൻഡ് കമ്മ്യൂണിക്കേഷൻ ടെക്നോളജി തുടങ്ങിയവയാണ് ഇതിൽ ഉൾപ്പെടുക. |
| (സി) | പദ്ധതിയുടെ ഭാഗമായി വിഭാവനം ചെയ്തിട്ടുള്ള ഗിഫ്റ്റ് സിറ്റിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ? | (സി) | എറണാകുളം ജില്ലയിലെ ആലുവ താലൂക്കിൽ 144.8 ഹെക്ടർ സ്ഥലത്താണ് നോഡ്-2 ഗ്ലോബൽ ഇൻഡസ്ട്രിയൽസ് ഫിനാൻസ് ആൻഡ് ട്രേഡ് സിറ്റി, കൊച്ചി വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. സേവനങ്ങളുടെ വികസനത്തിന് സംയോജിത ഇക്കോസിസ്റ്റം പ്രദാനം ചെയ്യും. അധിക നിക്ഷേപം |

| | | | |
|---|---|---|---|
| | | | കൊണ്ടുവരുന്നതിനും ജനങ്ങൾക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ നൽകുന്നതിനും ഉത്തേജകമായി മാറും.<br><br>23.07.2022 ലെ GO (RT) No.753/2022/ID പ്രകാരം 840 കോടി രൂപയ്ക്ക് 358 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് പുതുക്കിയ ഭരണാനുമതി ലഭിച്ചു. ഏറ്റെടുക്കൽ സംബന്ധിച്ച 11 (1) വിജ്ഞാപനം 04/10/2021-ന് പ്രസിദ്ധീകരിക്കുകയും കാലാവധി നീട്ടി നൽകിയിട്ടുള്ളതുമാണ്.<br><br>കേന്ദ്രസർക്കാർ ഗ്ലോബൽ സിറ്റി പദ്ധതിയിൽ നിന്നും പിൻവാങ്ങിയ സാഹചര്യത്തിൽ ഭൂവുടമകളുടെ സമ്മതത്തോടെ, ബദൽ വ്യാവസായിക പദ്ധതിക്കായി negotiated പർച്ചെസിലൂടെ ഭൂമി ഏറ്റെടുക്കൽ തുടരാൻ സർക്കാർ നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ